# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

08.02.2013 ൽ - മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1340

## 'കുട്ടനാട് റൈസ്' വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന വിവിധ ഇനം അരികളുടെ വില നിലവാരം വെളിപ്പെടുത്തുമോ; | (എ) സപ്ലൈകോയുടെ ചില്ലറ വിൽപ്പനശാലകൾ വഴി വിൽപ്പന നടത്തുന്ന അരി ഇനങ്ങളുടെ വില നിലവാരം താഴെചേർക്കുന്നു.<br><br>മട്ട അരി - 16.00 രൂപ<br>ബോധന അരി - 25.90 രൂപ<br>പച്ചരി - 16.00 രൂപ<br>ജയ അരി - 21.00 രൂപ<br>കുറുവ അരി - 19.00 രൂപ<br><br>കൂടാതെ പൊതു വിപണി വിൽപ്പന പദ്ധതി പ്രകാരം പച്ചരിയും പുഴുക്കലരിയും വിതരണം ചെയ്യുന്നുണ്ട്. വില വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>പുഴുക്കലരി (Common) - 19.50 രൂപ<br>പച്ചരി (Grade-A) - 21.00 രൂപ |
| (ബി) ഏതെല്ലാം സ്വകാര്യമില്ലുടമകളിൽ നിന്നുമുള്ള ഏതെല്ലാം ബ്രാന്റ് അരികളാണ് സപ്ലൈകോ വഴി വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ ; | (ബി) ഹെഡ് ഓഫീസ് തലത്തിൽ എഫ്.എം.സി.ജി. വിഭാഗത്തിൽ നിന്ന് ബ്രാൻഡ് ചെയ്തിട്ടുള്ള അരി മാത്രമാണ് വാങ്ങിക്കുന്നത്. സ്വകാര്യ കമ്പനികളിൽ നിന്നും സെൻട്രൽ പർച്ചേഴ്സ് വഴി വാങ്ങി വിതരണം ചെയ്യപ്പെടുന്ന ബ്രാൻഡ് അരിയുടെ വിവരങ്ങൾ താഴെപ്പറയുന്നു. |

| ക്ര. നം | കമ്പനിയുടെ പേര് | ബ്രാൻഡിന്റെ പേര് |
|---|---|---|
| 1. | ചിറക്കൽ അഗ്രോ മിൽസ്, കാലടി | പെരിയാർ, വനിത |
| 2. | ഡയമണ്ട് ഫുഡ് പ്രൊഡക്ട്സ്, കുറുപ്പടി, പെരുമ്പാവൂർ | പവിഴം, ഓർമ |
| 3. | കെ.കെ.ആർ.പ്രൊഡക്ട്സ് & മാർക്കറ്റിംഗ് പ്രൈ. ലിമിറ്റഡ്, ഒക്കൽ, കാലടി | നിറപറ |
| 4. | മഞ്ഞിലാസ് അഗ്രോ ഫുഡ്സ്, നെല്ലിക്കുന്ന്, തൃശ്ശൂർ | ഡബിൾ ഹോഴ്സ് |

| | |
|---|---|
| (സി) സ്വകാര്യമില്ലുടമകളിൽ നിന്നും അരി വാങ്ങുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ; | (സി) ഇ-ടെണ്ടർ പ്രകാരമാണ് അരി അടക്കമുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങി വരുന്നത്. സ്വകാര്യ മില്ലുടമകൾ അടക്കമുള്ള വിതരണക്കാർ ഇ-ടെണ്ടറിൽ പങ്കെടുക്കുന്നുണ്ട്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്കാണ് പർച്ചേയ്സ് ഓർഡർ നൽകുന്നത്. പ്രസ്തുത പർച്ചേയ്സ് ഓർഡർ പ്രകാരം നിർദ്ദിഷ്ട ഗുണനിലവാരം ഉള്ള അരി അതത് ഡിപ്പോകളിൽ എത്തിക്കുവാനുള്ള ചുമതല വിതരണക്കാരനാണ് ഡിപ്പോ തലത്തിൽ ഗുണനിലവാരം പരിശോധിച്ചാണ് സ്റ്റോക്ക് സ്വീകരിച്ചുവരുന്നത്.<br>ഹെഡ് ഓഫീസ് തലത്തിൽ എഫ്.എം.സി.ജി. വിഭാഗത്തിൽ നിന്ന് ബ്രാൻഡ് ചെയ്തിട്ടുള്ള അരി മാത്രമാണ് വാങ്ങിക്കുന്നത്. പ്രതിമാസം ശരാശരി പത്ത് ലക്ഷത്തിൽ കൂടുതൽ രൂപയ്ക്ക് സപ്ലൈകോയിൽ വാങ്ങൽ വിലയുള്ള സ്വകാര്യ കമ്പനികളുടെ അപേക്ഷ പരിഗണിച്ച് കേന്ദ്രീകൃത വാങ്ങൽ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം കേന്ദ്രീകൃത പർച്ചേസിൽ ഉൾപ്പെടുത്തിയിട്ടുള്ള കമ്പനികളിൽ നിന്ന് കോർപ്പറേഷന്റെ ഡിപ്പോകളിൽ നിന്നുള്ള ഇൻഡന്റ് പ്രകാരമാണ് അരി വാങ്ങുന്നത്. |
| (ഡി) സർക്കാർ സംരംഭമായ മോഡേൺ റൈസ് മില്ലിൽ ഉത്പാദിപ്പിക്കുന്ന 'കുട്ടനാട് റൈസ്' മാവേലി സ്റ്റോറുകളിലോ ലാഭം സെന്ററുകൾ വഴിയോ വിതരണം നടത്തുന്നുണ്ടോ; ഇല്ല എങ്കിൽ കാരണം എന്തെന്നുള്ളതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ? | (ഡി) പൊതുമേഖലാ സംരംഭമായ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ഉൽപ്പാദിപ്പിക്കുന്ന കുട്ടനാട് ബ്രാൻഡ് റൈസ്, കോട്ടയം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ താലൂക്ക് ഡിപ്പോകളുടെ കീഴിലുള്ള വിൽപ്പനശാലകൾ വഴി ലഭ്യതയനുസരിച്ച് വിതരണം നടത്തുന്നുണ്ട്. മറ്റു താലൂക്കുകളിൽ വിതരണം നടത്തുവാൻ സാധ്യമല്ല എന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ